DESPATCHED
On.04/01/22.

04/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

**E-mail: sic@kerala.nic.in**

**AP. 1610(6)/2015/SIC തീർപ്പു കല്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 10352/SIC-G5/2015**

**സന്നിഹിതൻ**

**അഡ്വ. എച്ച്. രാജീവൻ, വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. മാർട്ടിൻ പി.എ.<br>പനച്ചിക്കൽ ഹൗസ്, എടക്കാനം,<br>കീഴൂർ പി.ഒ., വഴി ഇരിട്ടി,<br>കണ്ണൂർ – 670 703. | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,<br>ജൂനിയർ സൂപ്രണ്ട്(എൽ) സെക്ഷൻ,<br>കളക്ടറേറ്റ്, കണ്ണൂർ.<br><br>3. അപ്പീൽ അധികാരി &<br>ഡെപ്യൂട്ടി കളക്ടർ (എൽ. ആർ),<br>കളക്ടറേറ്റ്, കണ്ണൂർ. | എതിർകക്ഷികൾ |

**അന്തിമ ഉത്തരവ്**

കമ്മീഷന്റെ 14/04/2020 ലെ ഉത്തരവിലെ നിർദ്ദേശ പ്രകാരം പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയുടെയും രണ്ടാം എതിർകക്ഷിയുടെയും വിശദീകരണങ്ങൾ ലഭ്യമായവ പരിശോധിച്ചതിൽ, ആയത് അംഗീകരിക്കുവാൻ കഴിയുന്നതാണ് എന്നു കാണുന്നു. മനഃപൂർവമായി വിവരം നൽകാതിരിക്കുന്നതിനോ മറച്ചുവയ്ക്കുന്നതിനോ ഉള്ള ശ്രമങ്ങൾ ഒന്നും ടിയാളുകളുടെ ഭഗത്തുനിന്നും ഉണ്ടായതായി കമ്മീഷൻ കാണുന്നില്ല. എന്നാൽ വിവരാവകാശ നിയമപ്രകാരം ഉള്ള അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ കാണിക്കേണ്ട ജാഗ്രതയും ഗൗരവും ഒന്നാം എതിർകക്ഷിഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. മേലിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ ഇപ്രകാരം ജാഗ്രതക്കുറവ് കാട്ടാൻ പാടില്ലയെന്ന് ടിയാനെ കമ്മീഷൻ താക്കീത് ചെയ്യുന്നു.

ഒന്നാം അപ്പിലിന്മേൽ യാതൊരുവിധമായ നടപടിയും സ്വീകരിക്കാതിരുന്ന ഒന്നാം അപ്പീലധികാരിയുടെ നടപടി ഒട്ടും തന്നെ ന്യായീകരിക്കാവുന്നതല്ല. അപ്പീൽ ഹിയറിംഗിൽ അപ്പീൽ

അപേക്ഷകൻ ഹാജരായില്ല എന്നതിന്റെ പേരിൽ തീർപ്പാക്കാതിരിക്കുന്നത് തെറ്റാണ്. മേലിൽ ഇപ്രകാരം വീഴ്ചകൾ ആവർത്തിക്കാൻ പാടില്ലാത്തതാണ് എന്ന് രണ്ടാം എതിർകക്ഷിയെയും താക്കീത് ചെയ്തുകൊണ്ട് അപ്പീൽ ഹർജിയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2021 ഡിസംബർ 04– ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

**എച്ച്. രാജീവൻ**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

RIGHT TO INFORMATION

sh